REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മിസോറാം, മണിപ്പൂർ, അസം, പശ്ചിമ ബംഗാൾ, ബീഹാർ സന്ദർശനം ഇന്ന് ആരംഭിക്കും.**
- **കൊച്ചിയിൽ കേരള അർബൻ കോൺക്ലേവ് ഇന്ന് സമാപിക്കും.**
- **പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം മറ്റന്നാൾ തുടങ്ങും.**
- **കോഴിക്കോട്ട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.**
- **ഏഷ്യാ കപ്പ് ക്രിക്കറ്റിൽ പാക്കിസ്ഥാൻ ആദ്യ മത്സരത്തിൽ ഒമാനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മിസോറാം, മണിപ്പൂർ, അസം, പശ്ചിമ ബംഗാൾ, ബീഹാർ സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്ന് മിസോറാമിലും മണിപ്പൂരിലും അസമിലുമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. മിസോറാമിലെ ഐസ്വോളിൽ നരേന്ദ്രമോദി 9,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.......

റെയിൽ, റോഡ്, ഊർജ്ജം, കായികം തുടങ്ങിയ മേഖലകളിലെ പദ്ധതികളാണ് പ്രധാനമന്ത്രി നാടിന് സമർപ്പിക്കുന്നത്. എണ്ണായിരം കോടി രൂപയിലധികം ചെലവഴിച്ച് നിർമ്മിച്ച പുതിയ ബൈരാബി-സായ്‌രംഗ് റെയിൽപാത നാടിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി പൊതുയോഗത്തെയും അഭിസംബോധന ചെയ്യും. മലമ്പ്രദേശത്തെ സങ്കീർണ്ണ ഭൂപ്രകൃതിയിൽ നിർമ്മിച്ച ഈ പാതയിൽ 45 തുരങ്കങ്ങളും, 55 പ്രധാന പാലങ്ങളും 88 ചെറു പാലങ്ങളുമുണ്ട്.

തുടർന്ന് മണിപ്പൂരിൽ 8,500 കോടിയിലധികം രൂപയുടെ വികസന പദ്ധതികളും അദ്ദേഹം നാടിന് സമർപ്പിക്കും. തുടർന്ന് അസമിലെത്തുന്ന പ്രധാനമന്ത്രി ഗോഹട്ടിയിൽ ഡോ. ഭൂപൻ ഹസാരികയുടെ 100-ആം ജന്മവാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കും.

✪✪✪

നേപ്പാളിൽ സുശീല കാർക്കിയുടെ നേതൃത്വത്തിൽ പുതിയ ഇടക്കാല ഗവൺമെന്റ് രൂപീകരിച്ചു. നടപടിയെ സ്വാഗതം ചെയ്ത വിദേശ കാര്യമന്ത്രാലയം മേഖലയിൽ സമാധാനവും സ്ഥിരതയും വളർത്താൻ ഇത് സഹായിക്കുമെന്ന് വിലയിരുത്തി. അയൽരാജ്യമെന്ന നിലയിലും ദീർഘകാല വികസന പങ്കാളി എന്നീ നിലയിലും ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും വേണ്ടി ഇന്ത്യ നേപ്പാളുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

നേപ്പാൾ അതിർത്തിയിൽ കുടുങ്ങിയ മലയാളികൾ ഉൾപ്പെട്ട മാനസ സരോവര യാത്രികരുടെ 15 അംഗ സംഘം കേരളത്തിൽ തിരിച്ചെത്തി. നേപ്പാളിൽ കലാപം പടർന്നതോടെ ചൈന അതിർത്തിയിലെ ഡാർചനിൽ 3000-ലേറെ യാത്രിക്കാരാണ് കുടുങ്ങിപ്പോയത്.

കേന്ദ്രസഹ മന്ത്രി ജോർജ് കുര്യൻ, വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് അടിയന്തര നടപടി എടുക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എല്ലാ യാത്രികരും നേപ്പാളിലെ സിമികോട്ടിൽ എത്തിയിട്ടുണ്ട്. 250-ഓളം പേരെ അവിടെ നിന്ന് എയർലിഫ്റ്റ് ചെയ്തു.

✪✪✪

ഇന്ത്യക്കുമേൽ ഉയർന്ന താരിഫ് ചുമത്തുന്നത് കൂടുതൽ ശക്തമായ ഭാരതമുണ്ടാകുമെന്ന ഭയം മൂലമാണെന്ന് RSS മേധാവി മോഹൻ ഭാഗവത് അഭിപ്രായപ്പെട്ടു. ചില രാജ്യങ്ങളുടെ സ്വയം കേന്ദ്രീകൃത കാഴ്ചപ്പാടുകൾ മാറിയാലെ ആഗോള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകൂ എന്നും അദ്ദേഹം പറഞ്ഞു.ബ്രഹ്മകുമാരീസ് വിശ്വ സമിതി സരോവറിന്റെ ഏഴാം സ്ഥാപക ദിന

പരിപാടിയിൽ നാഗ്പൂരിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റഷ്യയിൽ നിന്ന് പെട്രോളിയം ഇറക്കുമതി ചെയ്യുന്നതിന്റെ പേരിൽ ചില രാജ്യങ്ങൾ ഇന്ത്യയ്ക്ക് മേൽ അധിക ചുങ്കം ഏർപ്പെടുത്തിയത് രാജ്യത്തിന്റെ പുരോഗതി സ്വന്തം രാജ്യത്തിന്റെ വളർച്ചയെ മറികടക്കുമോ എന്ന ആശങ്കകൊണ്ടാണെന്നും ഭാഗവത് വ്യക്തമാക്കി.

✪✪✪

വ്യാപാര സ്ഥാപനങ്ങളുമായി ഒരു ദിവസം നടത്താവുന്ന UPI ഇടപാട് പരിധി മറ്റന്നാൾ മുതൽ പത്തുലക്ഷം രൂപയാക്കി ഉയർത്തി. എന്നാൽ വ്യക്തികൾക്കിടയിലെ പണമിടപാട് പരിധി ഒരു ലക്ഷം രൂപയായി തുടരും. നാഷൺ പെയ്മെന്റ് കോർപ്പറേഷൻ ഇതുസംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചു.

✪✪✪

കൊച്ചിയിൽ കേരള അർബൻ കോൺക്ലേവ് ഇന്ന് സമാപിക്കും. കോൺക്ലേവിന്റെ രണ്ടാം ദിവസമായ ഇന്ന് ഹൈലെവൽ പൊളിറ്റിക്കൽ ഫോറത്തിൽ മേയർമാരുടെ സമ്മേളനം രാവിലെ ഒൻപതിനാരംഭിക്കും.

ഇന്ത്യയിലെ വിവിധ മുനിസിപ്പൽ കോർപറേഷൻ മേയർമാരും, കേരളത്തിലെ ആറു കോർപറേഷനുകളുടെ മേയർമാരും പങ്കെടുക്കും. ദക്ഷിണാഫ്രിക്കയിലെ ഡർബൻ, ശ്രീലങ്കയിലെ കൊളംബോ സിറ്റി, മാലിദ്വീപ്, മേയർമാരും പരിപാടിയിൽ പങ്കെടുക്കും.

വൈകിട്ട് സമാപനസമ്മേളനത്തിൽ ഐക്യ രാഷ്ട്രസഭയുടെ ഇന്ത്യ റെസിഡന്റ് കോഓർഡിനേറ്റർ ഷോംബി ഷാർപ്പ് മുഖ്യാതിഥിയാകും. സമാപന സമ്മേളനം മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം മറ്റന്നാൾ ആരംഭിക്കും. ഒക്ടോബർ 10 വരെ 12 ദിവസമാണ് സഭ സമ്മേളിക്കുന്നത്. അന്തരിച്ച മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദനും, വാഴൂർ സോമൻ MLA യ്ക്കും അനുശോചനം അർപ്പിച്ച് ആദ്യ ദിവസം സഭ പിരിയും.

✪✪✪

സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് വേണ്ടി പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ക്ലിനിക്കിൽ സൗജന്യ പരിശോധന അടക്കം നിരവധി സൗകര്യങ്ങൾ ഉണ്ടായിരിക്കും.

തിരുവനന്തപുരം ലേഖകൻ സ്മിതി Mപള്ളുരുത്തി..

.........വോയ്സ്.........

പ്രമേഹം, രക്ത സമ്മർദ്ദം, വിളർച്ച കാൻസർ തുടങ്ങിയവ കണ്ടെത്താൻ സംസ്ഥാനത്ത് സ്ത്രീകൾക്കായി ആരംഭിക്കുന്ന പ്രത്യേക വെൽനെസ് ക്ലിനിക്കുകളിൽ സൗകര്യമുണ്ടാകും. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ചൊവ്വാഴ്ചകളിലും പ്രവർത്തിക്കുന്ന ക്ലിനിക്കുകൾ ഈ മാസം 16 മുതലാവും ആരംഭിക്കുക. സ്ത്രീകളുടെ മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനും ചൊവ്വാഴ്ചകളിൽ പ്രവർത്തിക്കുന്ന വെൽനെസ് ക്ലിനിക്കുകളിൽ സൗകര്യമുണ്ടാകും

✪✪✪

വാട്സ് ആപ് ഹാക്ക് ചെയ്തു തട്ടിപ്പു വ്യാപകമാകുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്ന് പൊലീസിന്റെ മാധ്യമവിഭാഗം പൊതുജനങ്ങളോട് ആവശ്യപ്പെട്ടു. വ്യക്തിഗത വിവരങ്ങൾ കൈക്കലാക്കി ബാങ്ക് അക്കൗണ്ട് ഹാക്ക് ചെയ്ത് പണം തട്ടുന്ന സംഘങ്ങൾക്കെതിരെയാണ് മുന്നറിയിപ്പ്. തട്ടിപ്പുകാരെ പ്രതിരോധിക്കാൻ ടു സ്റ്റെപ്പ് വെരിഫിക്കേഷൻ സംവിധാനം സജ്ജമാക്കണമെന്നും OTP- കൾ ആരുമായും പങ്കുവെക്കരുതെന്നും പൊലിസ് ആവശ്യപ്പെട്ടു.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും KPCC മുൻ പ്രസിഡന്റും, മുൻ നിയമസഭ സ്പീക്കറുമായ PP തങ്കച്ചന്റെ സംസ്കാരം വൈകിട്ട് മൂന്നിന് നെടുമ്പാശ്ശേരി മാർ ശാബോർ അഫ്രോത്ത് യാക്കോബായ സുറിയാനി കത്തീഡ്രലിലിൽ നടത്തും. ഇന്നലെ പെരുമ്പാവൂരിലെ വസതിയിൽ എത്തിച്ച ഭൗതിക ശരീരത്തിൽ നൂറുകണക്കിനാളുകൾ അന്ത്യാഞ്ജലി അർപ്പിച്ചു.

✪✪✪

കോഴിക്കോട്ട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം അരീക്കോട്ടെ പത്ത് വയസുകാരിക്കാണ് പുതുതായി രോഗബാധ റിപ്പോർട്ട് ചെയ്തത്. ഇതോടെ അമീബിക് രോഗ ചികിത്സയിൽ കഴിയുന്ന കുട്ടികളുടെ എണ്ണം നാലായി. ആകെ 11 രോഗികളാണ് ചികിത്സയിൽ.

✪✪✪

ജൽ ജീവൻ മിഷൻ പ്രവർത്തനം സംസ്ഥാനത്ത് അതിവേഗം പുരോഗമിക്കുകയാണെന്നും മലപ്പുറം ജില്ലയിൽമാത്രം 5,987 കോടി രൂപയുടെ പ്രവൃത്തി നടക്കുന്നുണ്ടെന്നും മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. മലപ്പുറം ജില്ലയിലെ സമ്പൂർണ കുടിവെള്ള പഞ്ചായത്തുകളായി ഏലംകുളത്തെയും മുതുവല്ലൂരിനെയും പ്രഖ്യാപിക്കുകയായിരുന്നു മന്ത്രി.

✪✪✪

രാജ്യത്തെ മികച്ച പരിസ്ഥിതി സൗഹൃദ ബിസിനസിന് സംസ്ഥാന വനം വികസന കോർപ്പറേഷൻ രണ്ട് ദേശീയ അവാർഡുകൾ നേടി. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിന്റെ 'മോസ്റ്റ് യൂസ്ഫുൾ പ്രോജക്ട്, എക്സ്സലന്റ് എൻവയൺമെന്റ് പ്രോജക്ട് എന്നീ അവാർഡുകളാണ് കോർപ്പറേഷന് ലഭിച്ചത്.

✪✪✪

കേരള സംഗീത നാടക അക്കാദമിയുടെ ദേശീയ നൃത്തോത്സവം - ത്രിഭംഗി വൈകിട്ട് കണ്ണൂർ തളിപ്പറമ്പിൽ ആരംഭിക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നൃത്തോത്സവം ഉദ്ഘാടനം ചെയ്യും. സംഗീതനാടക അക്കാദമി ചെയർപേഴ്സൺ മട്ടന്നൂർ ശങ്കരൻകുട്ടി അധ്യക്ഷനായിരിക്കും.

✪✪✪

കണ്ണൂർ  ഇരിക്കൂർ നിയോജക മണ്ഡലത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ലോക ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ രാജ്യാന്തര മിനി മാരത്തൺ അൽപം മുൻപ് പയ്യാവൂരിൽ നിന്ന് ആരംഭിച്ചു. DTPCയും, ഇരിക്കൂർ ടൂറിസം ആൻഡ് ഇന്നോവേഷൻ കൗൺസിലും ചേർന്നാണ് മാരത്തൺ സംഘടിപ്പിക്കുന്നത്.

കണ്ണൂർ പ്രതിനിധി KO ശശിധരൻ.

..........വോയ്സ്......

12.5 കിലോമീറ്റർ ദൈർഘ്യത്തിലുള്ള മാരത്തണിൽ പ്രശസ്തരായ അത് ലറ്റുകൾ ഉൾപ്പെടെ ആയിരത്തോളം പേർ പങ്കെടുക്കുന്നുണ്ട്. എത്യോപ്യ, നേപ്പാൾ എന്നീ രാജ്യങ്ങളിൽ നിന്നും കേരളത്തിന് പുറമെ മധ്യപ്രദേശ്, രാജസ്ഥാൻ, ഛണ്ഢീഗഢ്, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും താരങ്ങൾ എത്തിയിട്ടുണ്ട്.  . രണ്ടര ലക്ഷം രൂപയുടെ ക്യാഷ് പ്രൈസുകളാണ് വിജയികൾക്ക് നൽകുക. പുലിക്കുരുമ്പയിൽ മാരത്തൺ സമാപിക്കും. മാരത്തണിലൂടെ  പാലക്കയം തട്ട്, പൈതൽമല, കാഞ്ഞിരക്കൊല്ലി, തുടങ്ങിയ  വിനോദ സഞ്ചാര കേന്ദ്രങ്ങളെയും മാമാനികുന്ന് ദേവി ക്ഷേത്രം, നിലാമുറ്റം പള്ളി, ചെമ്പേരി ബസലിക്ക, തുടങ്ങിയ തീർഥാടന കേന്ദ്രങ്ങളെയും  ലോകത്തിന്റെ മുന്നിലെത്തിക്കാനാകുമെന്ന് സജീവ് ജോസഫ് എം എൽ എ ആകാശവാണിയോട്  പറഞ്ഞു.

✪✪✪

ഏഷ്യാ കപ്പ് ക്രിക്കറ്റിൽ പാക്കിസ്ഥാൻ ആദ്യ മത്സരത്തിൽ ഒമാനെ തോൽപ്പിച്ചു. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ 93 റൺസിനാണ് പാക്കിസ്ഥാന്റെ ജയം. നാളെ ദുബായിൽ ഇന്ത്യക്കെതിരെയാണ് പാക്കിസ്ഥാന്റെ രണ്ടാം മത്സരം.

✪✪✪

മന്ത്രി PA മുഹമ്മദ് റിയാസ് ഇന്ന് പാലക്കാട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ ചിറ്റൂർ താലൂക്ക് ടൂറിസം സൊസൈറ്റി വെബ്സൈറ്റ് പ്രകാശനം ചെയ്യുന്ന മന്ത്രി മലമ്പുഴ മണ്ഡലത്തിലെ മണ്ണ്കാടു പാലം ഉദ്ഘാടനം ചെയ്യും. വൈകീട്ട് നെന്മാറ മണ്ഡലത്തിലെ ഊട്ടറപ്പാലം നിർമ്മാണ ഉദ്ഘാടനത്തിന് ശേഷം, തരൂർ മണ്ഡലത്തിലെ കാരമല ടൂറിസം പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

മൂന്ന് KSU നേതാക്കളെ കോടതിയിൽ മുഖം മറച്ചും വിലങ്ങുവെച്ചും ഹാജരാക്കിയ പൊലീസ് നടപടി മനുഷ്യാവകാശ ലംഘനമാണെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് കുറ്റപ്പെടുത്തി. SFI ക്കാരുടെ വ്യാജ പരാതിയുടെ പേരിൽ വടക്കാഞ്ചേരി പൊലീസാണ് ഇത്തരമൊരു നടപടിയെടുത്തതെന്ന് അദ്ദേഹം പറഞ്ഞു. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുക്കണമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാലും ആവശ്യപ്പെട്ടു. മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, KPCC വർക്കിംഗ് പ്രസിഡന്റ് AP അനിൽ കുമാർ തുടങ്ങിയവരും പൊലീസ് നടപടിയെ വിമർശിച്ചു.

✪✪✪

മൂലമറ്റം - കോട്ടമല റോഡ് നിർമ്മാണവും മൂലമറ്റം പവർഹൗസ് റോഡിന്റെ നവീകരണവും വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. അറക്കുളം ഗ്രാമപഞ്ചായത്തിന്റെ ഏതാനും പദ്ധതികൾക്കും അദ്ദേഹം തുടക്കമിടും. മൂലമറ്റം ടൗണിലെ ചടങ്ങിൽ മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനായിരിക്കും.

ആശാരിക്കവല - മന്നാക്കുടി റോഡിലെ ടാറിംഗ് ജോലി ആരംഭിക്കുന്നതിനാൽ വലിയ തോവാള വരെ പത്തുദിവസത്തെ വാഹന നിയന്ത്രണം ഏർപ്പെടുത്തി. വാഹനങ്ങൾ മറ്റുവഴി തിരിച്ചുവിട്ടിട്ടുണ്ട്.

✪✪✪

കർണാടകയിലെ ഹസനിൽ ഇന്നലെ വൈകിട്ട് ഗണേശ വിഗ്രഹ നിമജ്ജന ചടങ്ങിലേക്ക് ട്രക്ക് പാഞ്ഞുകയറി എട്ടുപേർ മരിച്ചു. 20ലേറെ പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ അഞ്ച് പേർ എഞ്ചിനിയറിംഗ് വിദ്യാർത്ഥികളാണ്.

✪✪✪

പ്രശസ്ത മനോരോഗ വിദഗ്ധനും എഴുത്തുകാരനും അധ്യാപകനുമായ ഡോ. KS മോഹനൻ കോഴിക്കോട്ട് അന്തരിച്ചു. അദ്ദേഹത്തിന് 68 വയസ്സായിരുന്നു. നാല് പതിറ്റാണ്ടുകാലം കോഴിക്കോട് കുതിരവട്ടം ഗവ. മാനസികആരോഗ്യ കേന്ദ്രത്തിലും, നിംഹാൻസിലും സേവനമനുഷ്ഠിച്ചിരുന്നു.

✪✪✪

ഡെറാഡൂൺ ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ സൈനിക പരിശീലത്തിനിടെ മരണപ്പെട്ട ഓഫീസർ കേഡറ്റ് S. ബാലുവിന്റെ ഭൗതിക ശരീരം തിരുവനന്തപുരത്ത് എത്തിച്ചു. പാങ്ങോട് മിലിട്ടറി സ്റ്റേഷനിലെ മുതിർന്ന ഉദ്യോഗസ്ഥരും സംസ്ഥാന ഗവൺമെന്റ് പ്രതിനിധികളും ചേർന്ന് മൃതദേഹം ഏറ്റുവാങ്ങി പാങ്ങോട് മിലിട്ടറി ആശുപത്രിയിലേക്ക് കൊണ്ടുപോയി.

രാവിലെ എട്ടുമണിയോടെ ഭൗതികശരീരം വീട്ടിലെത്തിക്കും. പതിനൊന്നരയോടെ തൈക്കാട് ശാന്തികവാടത്തിൽ പൂർണ്ണ സൈനിക ബഹുമതികളോടെ സംസ്കരിക്കും.

✪✪✪

തിരുവമ്പാടി അരിപ്പാറ വെള്ളച്ചാട്ടത്തിൽ ഒഴുക്കിൽപ്പെട്ട് യുവാവ് മരിച്ചു. കൂരാച്ചുണ്ട് പാത്തിപ്പാറ സ്വദേശി കൊച്ചുവീട്ടിൽ ജസ്റ്റിൻ എന്ന 26കാരനാണ് ഇന്നലെ വൈകിട്ട് അപകടത്തിൽ പെട്ടത്.

✪✪✪

മൂന്നാമത് കോട്ടയത്ത് തമ്പുരാൻ കഥകളി മഹോത്സവം ഇന്ന് കണ്ണൂർ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ ആരംഭിക്കും. കോട്ടയത്ത് തമ്പുരാന്റെ നാല് ആട്ടക്കഥകളുടെയും സമ്പൂർണ അവതരണം ഈ മാസം 20 വരെ ഉണ്ടാകും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader:അനിൽ ചന്ദ്രൻ*
*NRT s: രജ്ന കെ*
*DEO : സി കെ സുബോധ്*